# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 78 | 28.10.2019-ൽ മറുപടിക്ക്

## ഇ-മെയിൽ മുഖേനയുള്ള പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുന്ന പരാതികൾ പരിശോധിച്ച് പോലീസ് ഉദ്യോഗസ്ഥൻ കേസുകളെടുക്കാറുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;<br>(ബി) ഔദ്യോഗിക ഇ-മെയിലിലേക്കയയ്ക്കുന്ന പരാതികളിൽ പോലീസ് ഉദ്യോഗസ്ഥൻ കേസുകളെടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) & (ബി) പോലീസ് സ്റ്റേഷനുകളിൽ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുന്ന പരാതികളുടെ വസ്തുതകൾ പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) തിരുവനന്തപുരം ജില്ലയിലെ പേട്ട പോലീസ് സ്റ്റേഷനിലേക്ക് (shoptthtvm.pole.kerala.gov.in) അന്നമ്മ തോമസും തോമസ് ജോർജ്ജും കൂടി 15 -12 -2018 ഏകദേശം രാത്രി 11 മണിയോട് കൂടി അയച്ച ഇമെയിൽ പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. വിശദമാക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) അന്നമ്മ തോമസും തോമസ് ജോർജ്ജും കൂടി അയച്ച ഇമെയിൽ പരാതി 17/DPTN/W/C3/18 നമ്പർ പ്രകാരം പേട്ട പോലീസ് സ്റ്റേഷൻ രജിസ്റ്ററിൽ പതിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിയിലെ രണ്ടാം പരാതികക്ഷിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തതിലുള്ള വിരോധത്താലാണ് ഒന്നും രണ്ടും പരാതികക്ഷികൾ ചേർന്ന് പ്രസ്തുത പരാതി സമർപ്പിച്ചിരിക്കുന്നതെന്നുമാണ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്. |
| (ഡി) പ്രസ്തുത കേസിനെ സംബന്ധിച്ച് ഐ.ജിക്ക് ഇവർ നൽകിയ പരാതി പ്രകാരം Entt. No. B3/20148 dated 18/12/2018-ൽ ബേസ്ഡ് ഓൺ ഫാക്റ്റ്, എന്ന ഉത്തരവ് നൽകിയ പ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച എന്തെങ്കിലും റിപ്പോർട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) അന്വേഷണത്തിൽ പ്രസ്തുത പരാതി വാസ്തവ വിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ